പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപത്തിയൊന്നാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008) യുടെ പത്താമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**അറുപത്തിയൊന്നാമത് റിപ്പോർട്ട്**

**[സമിതി (2006-2008) യുടെ പത്താമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

308/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ | .. | 38 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014-2016)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അറുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-2008) പത്താമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016-ഫെബ്രുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ 10-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ പത്താമത് റിപ്പോർട്ട് 2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 31 ശിപാർശകളാണ് ഉള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 1-8-2012, 3-7-2013, 13-8-2014 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം അവസ്ഥ സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർ ശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം I

## ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും തുടർ ശിപാർശകളും

### ഖണ്ഡിക നമ്പർ 35

### ശിപാർശ

1.1.1 ആരോപണ വിധേയനായ മുൻ സെക്രട്ടറി ശ്രീ. വി. ആറുമുഖൻ സമിതിക്ക് സമർപ്പിച്ചിരുന്ന ഹർജി 3-3-2006-ലെ സമിതിയോഗത്തിൽ പരിഗണിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും ടി എക്സ്പെൻഡിച്ചറിന് നിയമ സാധുതയില്ലെന്നും ബോദ്ധ്യപ്പെട്ടതിനാൽ ടിയാളിൽനിന്ന് മുഴുവൻ തുകയും ഈടാക്കണമെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

1.1.2 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ അവർകൾ 31-7-2008-ലെ പി.10239/07 കത്ത് പ്രകാരം ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. വി. ആറുമുഖന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് 38,056 രൂപ ഈടാക്കി ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് വേണ്ടി ബഹു. അക്കൗണ്ടന്റ് ജനറലിനോട് അപേക്ഷിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. ഇതിനെതിരെ ശ്രീ. വി. ആറുമുഖൻ

ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഹൈക്കോടതി എ.ജി.യുടെ ഉത്തരവ് മരവിപ്പിച്ചിട്ടുണ്ട്. അന്തിമവിധി ആയിട്ടില്ല. 38,056 രൂപ ഡി.സി.ആർ.ജി.യിൽ തടഞ്ഞുവെച്ചിട്ടുണ്ട് എന്ന വിവരം തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

1.1.3 ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10-2-2012-ലെ എ-1038/12 നമ്പർ കത്തുപ്രകാരം മുൻ സെക്രട്ടറി ശ്രീ. വി. ആറുമുഖൻ 38,056 രൂപ ഈടാക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ നല്കിയ കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല എന്നും ഇപ്പോഴും വാദം തുടരുകയാണെന്നും അറിയിച്ചിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

1.1.4 ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയുടെ ഡി.സി.ആർ.ജി. യിൽ നിന്ന് തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ അധികവിവരങ്ങൾ

1.1.5 തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31-7-2008-ലേയും, 13-8-2012-ലേയും പി.10239/07 നമ്പർ കത്തുകൾ പ്രകാരം ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. വി. ആറുമുഖന്റെ ഡി.സി.ആർ.ജി.യിൽ നിന്നും 38,056 രൂപ ഈടാക്കി ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിനുവേണ്ടി ബഹു. അക്കൗണ്ടന്റ് ജനറലിനോട് അപേക്ഷിച്ചിട്ടുണ്ടെന്നും ടി തുക ഡി.സി.ആർ.ജി.-യിൽ നിന്ന് തടഞ്ഞുവച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ശ്രീ. വി. ആറുമുഖൻ ഹൈക്കോടതിയിൽ 31368/08 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു. കേരള ഹൈക്കോടതി അക്കൗണ്ടന്റ് ജനറലിന്റെ ഉത്തരവ് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും പരിഗണനയിലുള്ള ഡബ്ല്യൂ.പി.(സി) നമ്പർ-31368/08 കേസ് തീർപ്പാക്കിക്കൊണ്ട് ബഹു. ഹൈക്കോടതി അന്തിമവിധി ന്യായം പ്രസ്താവിക്കുന്നതിനനുസരിച്ച് മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

1.1.6 ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13-8-2013-ലെ എ 1-2013 കത്ത് പ്രകാരം മുൻ സെക്രട്ടറി ശ്രീ. വി. ആറുമുഖൻ 38,056 രൂപ ഈടാക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)

31368/2008 കേസ് അടിയന്തരമായി തീർപ്പാക്കുന്നതിന് 11-3-2013-ന് അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിച്ചതനുസരിച്ച് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 29-3-2013-ന് കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ കേസ് സ്റ്റാറ്റസ് പ്രകാരം ഈ കേസ് പെന്റിംഗ് ആണ്.

<u>തുടർശിപാർശ</u>

**1.1.7 കേസ് തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി കോടതിവിധി പ്രകാരം നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 64</u>

<u>ശിപാർശ</u>

1.2.1 മിൽമയുടെ മലമ്പുഴയിലുള്ള കാറ്റിൽ ഫീഡ് ഫാക്ടറിയിൽ നിക്ഷേപിച്ചിരുന്ന 1,25,000 രൂപ ലഭ്യമായെങ്കിലും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചിട്ടുള്ള തുക തിരികെ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

1.2.2 യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും 19,800 രൂപ ഈടാക്കുന്നതിന് വേണ്ടി പെരുങ്ങോട്ടുകുറുശ്ശി വെറ്ററിനറി സർജൻ 28-12-2005, 16-1-2006, 26-5-2007 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കമ്പനി അധികൃതരെ 29-9-2007-ന് നേരിൽ കണ്ട് തുക ആവശ്യപ്പെട്ടു. കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ ടി തുക 101200/47/120-ാം നമ്പർ പോളിസിയിലേക്ക് അഡ്ജസ്റ്റ് ചെയ്തതിനാൽ തിരികെ നൽകുവാൻ നിർവ്വാഹമില്ലെന്ന് 3-3-2008-ന് 101200/യു/ഡബ്ല്യു. കത്ത് പ്രകാരം അറിയിച്ചു. തുക ഇൻഷ്വറൻസ് കമ്പനി തിരികെ നൽകാൻ വിസമ്മതിച്ച സാഹചര്യത്തിൽ 16-12-2008-ന് റവന്യൂ റിക്കവറി നടപടികൾക്കായി ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ഇൻഷ്വറൻസ് കമ്പനി പാലക്കാട് മുൻസിഫ് കോടതിയെ സമീപിച്ചു. എന്നാൽ OS No.168/2009 കേസായി ഇൻഷ്വറൻസ് കമ്പനി നൽകിയ ഹർജി കോടതി തള്ളി.

1.2.3 മിൽമയുടെ മലമ്പുഴയിലുള്ള ക്യാറ്റിൽ ഫീഡ് ഫാക്ടറിയിൽ നിക്ഷേപിച്ചിരുന്ന 1,25,000 രൂപ തിരികെ ലഭിച്ചിട്ടുണ്ട്. രസീത് നമ്പർ 46555/70/16-11-2006 പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചിട്ടുള്ള 19,800 രൂപ ഈടാക്കുന്നതിനെതിരെ കമ്പനി സമർപ്പിച്ച ഹർജി പാലക്കാട് മുൻസിഫ് കോടതി തള്ളിയെങ്കിലും തുക ഈടാക്കിയിട്ടില്ല. ആയതിനാൽ പരാമർശം നിലനിർത്താവുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

1.2.4 പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തും യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി നിലനിൽക്കുന്ന കേസ് നല്ല രീതിയിൽ നടത്തി തുക ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങൾ

1.2.5 യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും 19,800 രൂപ ഈടാക്കുന്നതിനുവേണ്ടി പെരിങ്ങോട്ടുകുറിശ്ശി വെറ്ററിനറി സർജൻ 28-12-2005, 16-1-2006, 26-5-2007 എന്നീ തീയതികളിൽ കത്തു നൽകുകയും 29-9-2007-ന് കമ്പനി അധികൃതരെ നേരിൽ കണ്ട് തുക ആവശ്യപ്പെടുകയും ചെയ്തു. കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ ടി തുക 101200/47/120-ാം നമ്പർ പോളിസിയിലേക്ക് അഡ്ജസ്റ്റ് ചെയ്തതിനാൽ തിരികെ നൽകുവാൻ നിർവ്വാഹമില്ലെന്ന് 3-3-2008-ലെ 101200/യു/ഡബ്ല്യു നമ്പർ കത്തുപ്രകാരം അറിയിച്ചു. ടി തുക തിരികെ നൽകാൻ വിസമ്മതിച്ച സാഹചര്യത്തിൽ 16-12-2008-ന് റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും എന്നാൽ റവന്യൂ റിക്കവറി നടപടികൾക്കെതിരെ ഇൻഷ്വറൻസ് കമ്പനി പാലക്കാട് മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്. നമ്പർ 168/09 കേസ് കോടതി തള്ളുകയും ഈ നടപടിക്കെതിരെ ഇൻഷ്വറൻസ് കമ്പനി പാലക്കാട് ജില്ലാ കോടതിയിൽ എ.എസ്/112/2010 നമ്പർ അപ്പീൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് 5-1-2013 തീയതിയിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങൾ

1.2.6 പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12-9-2013-ലെ എ 1-2013/14 നമ്പർ കത്ത് പ്രകാരം യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി അടയ്ക്കുവാൻ ബാക്കിയുള്ള 19,800 രൂപ ഈടാക്കുന്നതിനെതിരെ കമ്പനി സമർപ്പിച്ച ഹർജി പാലക്കാട് മുൻസിഫ് കോടതി തള്ളിയതിനെതിരെ കമ്പനി പാലക്കാട് ജില്ലാ കോടതിയിൽ എസ്/112/2010 നമ്പർ അപ്പീൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. കേസ് തീർപ്പാക്കിയിട്ടില്ല.

## തുടർശിപാർശ

1.2.7 **കേസ് തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും വിധി പ്രകാരം സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 90, 95

### ശിപാർശ

1.3.1 പ്രസ്തുത പരാമർശത്തിന് കാരണക്കാരനായ അന്നത്തെ സെക്രട്ടറി ശ്രീ. പരന്താമനിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരിച്ചുപിടിക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടും നാളിതുവരെ മേൽ നിർദ്ദേശത്തിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് സമിതിയെ അറിയിച്ചിട്ടില്ല. ആയതിനാൽ മേൽ നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അടിയന്തരമായി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

1.3.2 ആരോപണവിധേയനായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഇ. വി. പരന്താമനിൽ നിന്നും തുക ഈടാക്കുന്നതിന് സമിതി നിർദ്ദേശം നൽകിയിട്ടും നാളിതുവരെ മേൽ നിർദ്ദേശത്തിന്മേലുള്ള അന്തിമ മറുപടി സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയാനിൽ നിന്നും തുക ഈടാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

1.3.3 ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. ഇ. വി. പരന്താമനിൽ നിന്നും റവന്യൂ റിക്കവറി വഴി തുക ഈടാക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് 29-3-2008-ന് എച്ച്.സി.360/04-ാം നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ശ്രീ. ഇ. വി. പരന്താമൻ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും 11-2-2009-ന് ഡബ്ല്യൂ.പി.(സി) നമ്പർ 4492/09 (1) പ്രകാരം ഇടക്കാല സ്റ്റേ വാങ്ങുകയും, സ്റ്റേയുടെ കാലാവധി തീരുന്നതിനുമുമ്പ് 9-2-2009-ന് ഡബ്ല്യൂ.പി.(സി) നമ്പർ 4492/09 പ്രകാരം വീണ്ടും പെറ്റീഷൻ ഫയൽ ചെയ്യുകയും ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും നിർത്തിവെയ്ക്കാൻ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഈ കേസ് അറ്റൻഡ് ചെയ്യുന്നതിന് 6-3-2009-ന് വക്കീലിനെ ഏർപ്പാടാക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതുപ്രകാരം വക്കീലിനെ ഏർപ്പാടാക്കുകയും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ പെന്റിംഗ് കേസായി ഇത് തുടരുകയാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

1.3.4 മുൻ സെക്രട്ടറി ശ്രീ. ഇ. വി. പരന്താമനിൽ നിന്നും തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾക്കായി പഞ്ചായത്ത് ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും, ശ്രീ. ഇ. വി. പരന്താമൻ ബഹു.മാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കിയിട്ടില്ല എന്ന് കുത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 9-2-2012-ലെ 468/2012 പ്രകാരം അറിയിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ അന്തിമവിധിക്കു വിധേയമായി മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശം നിലനിർത്താവുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

1.3.5 പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങൾ

1.3.6 ഉത്തരവാദിയായ മുൻ സെക്രട്ടറി ഇ. വി. പരന്താമനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാൻ ബഹു. കേരളാ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) 4492/09 പ്രകാരം പെറ്റീഷൻ ഫയൽ ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും നിർത്തിവെയ്ക്കുവാൻ ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. 17-4-2012-ൽ ഈ കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക് മാറ്റിയിട്ടുണ്ട് (കേസ് നമ്പർ റ്റി.എ. 4985/2012). അടുത്ത ഹിയറിംഗ് 17-12-2012-ന് ശേഷമുള്ള ഒരു തീയതിയിലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

1.3.7 കുത്തന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-9-2013-ലെ കത്ത് പ്രകാരം കേസിന്റെ നിലവിലെ സ്ഥിതിയും പുരോഗതിയും അറിയിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ പരിഗണനയിലായിരുന്ന കേസ് 17-4-2012-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക് മാറ്റിയിട്ടുണ്ട് (കേസ് നമ്പർ 4985/2012). അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും കേസിന്റെ വിചാരണ തീയതിയുടെ അറിയിപ്പ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

## തുടർശിപാർശ

1.3.8 **കേസ് തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും കോടതി വിധിപ്രകാരം നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 134

### ശിപാർശ

1.4.1 ജൂലൈ 31-നകം വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കാരിൽനിന്ന് അനുവാദം വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് നൽകുമ്പോൾ അത് പൂർണ്ണമായും വിനിയോഗിച്ചുവെന്ന ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ഗ്രാന്റിന്റെ അടുത്ത ഗഡു അനുവദിക്കുകയുള്ളൂവെന്ന നിബന്ധനകൂടി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

### തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി

1.4.2 ജൂലൈ 31-നകം വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കാർ അനുവാദം വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നത് സംബന്ധിച്ച സമിതിയുടെ ശിപാർശയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ധനകാര്യ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. പ്ലാൻ ഫണ്ട് നൽകുമ്പോൾ അത് പൂർണ്ണമായും വിനിയോഗിച്ചുവെന്ന ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ഗ്രാന്റിന്റെ അടുത്ത ഗഡു അനുവദിക്കുകയുള്ളൂവെന്ന നിബന്ധന ഓഡിറ്റ് ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് വികസന ഫണ്ട് നൽകുന്നത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ്. സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക 10 ഗഡുക്കളായി നൽകുന്നതും ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ചാണ്. ഒരുമാസം കിട്ടുന്ന തുക അതേ മാസം തന്നെ ചെലവാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കാനാവില്ല. ഒരു ഗഡു ചെലവഴിച്ചുവെന്ന് ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതിനു ശേഷമേ അടുത്ത ഗഡു നൽകാവൂ എന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം പ്രയോഗത്തിൽ പല പ്രയാസങ്ങൾക്കും ഇടയാക്കും. ഒരു വർഷം ലഭിക്കുന്ന തുകയുടെ നിശ്ചിത ശതമാനം ആ വർഷംതന്നെ ചെലവാക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

1.4.3 (1) 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1) അനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനു സമർപ്പിക്കുന്നതിന് വീഴ്ചവരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ സർക്കാർ അനുമതി വാങ്ങിയിരിക്കണം എന്ന വ്യവസ്ഥ ഒഴിവാക്കുവാനുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ്

കമ്മിറ്റിയുടെ 10-ാമത് റിപ്പോർട്ടിലെ ശിപാർശ ഉചിതമാണെന്ന് കാണുന്നു. ഈ വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളുവാനുള്ള കാലതാമസം ഇതുമൂലം ഒഴിവാക്കാവുന്നതാണ്.

(2) പ്ലാൻ ഫണ്ട് നൽകുമ്പോൾ അത് പൂർണ്ണമായും വിനിയോഗിച്ചുവെന്ന ഓഡിറ്റ് സാക്ഷ്യപത്രം ഉണ്ടെങ്കിൽ മാത്രമേ ഗ്രാന്റിന്റെ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ എന്ന നിബന്ധന ഓഡിറ്റ് ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന ശിപാർശ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുവാൻ സാദ്ധ്യതയുണ്ട്. 10 ഗഡുക്കളായി തുക അനുവദിക്കുമ്പോൾ ഓരോ ഗഡുവും പൂർണ്ണമായും ചെലവഴിച്ചതിനുശേഷമേ അടുത്ത ഗഡു അനുവദിക്കാവൂ എന്നതും നിലവിലെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുവാൻ ഇടയാക്കും. ഓഡിറ്റ് സാക്ഷ്യപത്രം അനുവദിക്കുന്നതിനു മുന്നോടിയായി വിശദമായ പരിശോധന ആവശ്യമായിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് സാക്ഷ്യപത്രം നൽകുവാൻ കാലതാമസം വരുന്നപക്ഷം പദ്ധതി ഫണ്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നതിൽ കാലതാമസം നേരിടും. ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയുടെ ശതമാനക്കണക്ക് ഓഡിറ്റിന്റെ സാക്ഷ്യപത്രത്തോടെ നൽകിവരുന്ന നിലവിലെ സംവിധാനംതന്നെ തുടരുന്നതായിരിക്കും ഉചിതം എന്ന് അഭിപ്രായപ്പെടുന്നു.

<u>സമിതി നിർദ്ദേശപ്രകാരം ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

1.4.4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച് 4 മാസം കഴിഞ്ഞതിനുശേഷവും തയ്യാറാക്കി നൽകുന്നില്ല എന്നത് അത്യന്തം ഗൗരവമേറിയ സംഗതിയാണ്. എന്നിരുന്നാലും ജൂലൈ 31-നകം വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സർക്കാർ അനുവാദം ആവശ്യമാണെന്നുള്ള വ്യവസ്ഥ ഒഴിവാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് യഥാസമയം വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ കഴിയാതിരുന്നതിന് ന്യായമായ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനുള്ള അധികാരസ്ഥാനം ഇല്ലാതാക്കുമെന്നതിനാൽ ടി ശിപാർശ അംഗീകരിക്കാൻ കഴിയില്ല.

1.4.5 യഥാസമയം പദ്ധതി തുക വിനിയോഗിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ ഫലപ്രദമായ നിയന്ത്രണം അനിവാര്യമാണ്. എന്നാൽ പ്ലാൻ ഫണ്ടിന്റെ ഒരു ഗഡു പൂർണ്ണമായും വിനിയോഗിച്ച എന്ന ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂവെന്ന

നിബന്ധനകൂടി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന സമിതി ശിപാർശ അപ്രായോഗികമാണ്. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുമെന്നതിനാലും അനിവാര്യ ഘട്ടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭവലഭ്യതയ്ക്ക് തടസ്സമുണ്ടാകുമെന്നതിനാലും ടി ശിപാർശയും അംഗീകരിക്കാൻ കഴിയില്ല.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

1.4.6 (1) സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് വീഴ്ചവരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ സർക്കാർ അനുമതി വാങ്ങിയിരിക്കണം എന്ന വ്യവസ്ഥ ഒഴിവാക്കുവാനുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 10-ാമത് റിപ്പോർട്ടിലെ ശിപാർശ ഉചിതമാണ്. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(2), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 16(1) എന്നിവ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ധനകാര്യ വകുപ്പിന്റെ കത്ത് പ്രകാരം ഒഴിവാക്കാൻ കഴിയുകയില്ല എന്നും അറിയിക്കുന്നു.

1.4.7 (2) പ്ലാൻ ഫണ്ട് നൽകുമ്പോൾ അത് പൂർണ്ണമായും വിനിയോഗിച്ചുവെന്ന ഓഡിറ്റ് സാക്ഷ്യപത്രം ഉണ്ടെങ്കിൽ മാത്രമേ ഗ്രാന്റിന്റെ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ എന്ന നിബന്ധന ഓഡിറ്റ് ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന ശിപാർശ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുവാൻ സാദ്ധ്യതയുണ്ട്. 10 ഗഡുക്കളായി തുക അനുവദിക്കുമ്പോൾ ഓരോ ഗഡുവും പൂർണ്ണമായും ചെലവഴിച്ചതിനുശേഷമേ അടുത്ത ഗഡു അനുവദിക്കാവൂ എന്നതും നിലവിലെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുവാൻ ഇടയാക്കും. ഓഡിറ്റ് സാക്ഷ്യപത്രം അനുവദിക്കുന്നതിനു മുന്നോടിയായി വിശദമായ പരിശോധന ആവശ്യമായിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് സാക്ഷ്യപത്രം നൽകുവാൻ കാലതാമസം വരുന്നപക്ഷം പദ്ധതി ഫണ്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നതിൽ കാലതാമസം നേരിടും. ഒരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയുടെ ശതമാനക്കണക്ക് ഓഡിറ്റിന്റെ സാക്ഷ്യപത്രത്തോടെ നൽകിവരുന്ന നിലവിലെ സ്ഥിതി തുടരുന്നത് തന്നെയാണ് ഉചിതം.

<u>തുടർശിപാർശ</u>

1.4.8 **നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ അധികാരം പ്രയോഗിക്കുവാൻ ധനകാര്യ വകുപ്പിനാകില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. 1994-ലെ ലോക്കൽ ഫണ്ട് ആക്ട് സെക്ഷൻ 9 (2), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 16 (1) എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ധനകാര്യ വകുപ്പ് സ്വീകരിക്കുന്ന നടപടികളെ അംഗീകരിക്കാനാവില്ല. നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ ഉള്ള**

**വ്യവസ്ഥകൾമൂലം എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിന് അതത് നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെടുന്നു. പരാമർശവിധേയമായ സംഗതിയിൽ ധനകാര്യ വകുപ്പ് വാദിക്കുന്ന തരത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ ഭേദഗതി ബന്ധപ്പെട്ട നിയമങ്ങളിൽ/ചട്ടങ്ങളിൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം II

## സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്നു ലഭിച്ച മറുപടികളും

### ശിപാർശ ഖണ്ഡിക 3

2.1 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ ഖണ്ഡിക 5

2.2 ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ കാലത്തുതന്നെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അടയ്ക്കാനുള്ള തുക പഞ്ചായത്തിൽ തിരിച്ചടച്ച് എന്നുള്ളത് ശ്ലാഘനീയമാണെന്നും മറ്റ് പഞ്ചായത്തുകളും ഈ മാതൃക പിന്തുടരണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### ഖണ്ഡിക നമ്പർ 14

### ശിപാർശ

2.3.1 കിണറിന്റെ കാലപ്പഴക്കം ശരിയായ രീതിയിൽ നിർണ്ണയിക്കാൻ കഴിയാത്ത സാഹചര്യത്തിലും സമിതി നേരിട്ടുപരിശോധിച്ചതിൽ വളരെയധികം കാലപ്പഴക്കമില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലും പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് പൂർത്തിയാക്കുമ്പോൾ പദ്ധതി ആരംഭിച്ച തീയതി, അടങ്കൽ തുക, പ്രോജക്ടിനായി ഫണ്ട് സ്വരൂപിച്ചതിന്റെ വിശദാംശങ്ങൾ, പൂർത്തിയാക്കിയ തീയതി എന്നിവ രേഖപ്പെടുത്തിയ ഫലകങ്ങൾകൂടി പൊതു പദ്ധതികൾ, കിണർ മുതലായ പ്രോജക്ട് സൈറ്റുകളിൽ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിക്കൊണ്ട് സർക്കാർതലത്തിൽ മാർഗ്ഗനിർദ്ദേശം നല്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.3.2 12-2-2009-ലെ 81302/എബി 1/08/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

2.3.3 പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചതനുസരിച്ച് പാലക്കാട് ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 11-9-2007-ലെ എൽ.എഫ്.പി3-1173/07 പ്രകാരം തടസ്സവാദം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 22

ശിപാർശ

2.4.1 സമിതി 17-1-2006-ലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സന്ദർശന വേളയിൽ പ്രവർത്തനക്ഷമമല്ലാത്ത ട്രാക്ടറും ടില്ലറും നേരിൽക്കണ്ട് ബോദ്ധ്യപ്പെട്ടതായും അവ ഇപ്പോൾ കൈവശം സൂക്ഷിക്കുന്ന ശ്രീ. ജയമാധവൻ അതു കൈമാറാൻ തയ്യാറാണെന്നും ട്രാക്ടറും ടില്ലറും പാടശേഖരസമിതിയുടെ പേരിലേക്ക് മാറ്റുന്നതിനുവേണ്ടി കരാർ ആയിട്ടുണ്ടെന്നും, വായ്പ മുഴുവൻ അടച്ചുതീർത്തിട്ടുണ്ടെന്നും, ആർ.സി. ബുക്കിന്റെ പകർപ്പ് സമിതിക്ക് അയച്ചുതരാമെന്ന് ഉറപ്പുനൽകിയിരുന്നു. ആയതിനാൽ ശ്രീ. ജയമാധവന്റെ പേരിലുള്ള ട്രാക്ടറിന്റെയും ടില്ലറിന്റെയും ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.4.2 ട്രാക്ടറിന്റെയും ടില്ലറിന്റെയും ഉടമസ്ഥാവകാശം അതാത് പാടശേഖരസമിതികളുടെ പേരിലേക്ക് 20-7-2006 മുതൽ കൈമാറ്റം ചെയ്തിട്ടുണ്ട്. ആർ.സി. ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ 27-9-2006-ന് പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൃഷി ഓഫീസർ സമർപ്പിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്

2.4.3 ട്രാക്ടറിന്റേയും ടില്ലറിന്റെയും ഉടമസ്ഥാവകാശം, ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയതായി തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ കത്ത് നമ്പർ എൽ.എഫ്.പി.21-200/2012 തീയതി 7-2-2012 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9-2-2012-ലെ എ 5-1586/12 നമ്പർ കത്ത് പ്രകാരം

ട്രാക്ടറിന്റെ ആർ.സി.ബുക്കിന്റെ പകർപ്പ് മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നും അനുബന്ധ രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് എത്രയുംവേഗം ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.4.4 സ്വകാര്യ വ്യക്തിയുടെ പേരിലുള്ള ട്രാക്ടറിന്റെയും ടില്ലറിന്റെയും ഉടമസ്ഥാവകാശം പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയതായി തെളിയിക്കുന്ന രേഖകൾ ഒരാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകുക.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.4.5 കെ.എൽ.09 എഫ്. 588 നമ്പറിലുള്ള ട്രാക്ടറിന്റെ രജിസ്ട്രേഷൻ ശ്രീ. ജയമാധവൻ എന്ന വ്യക്തിയുടെ പേരിലായിരുന്നു. ട്രാക്ടറിന്റെ ഉടമസ്ഥാവകാശം നൊച്ചുപ്പുള്ളി പാടശേഖരത്തിന്റെ പൊതുആവശ്യത്തിനായി നൽകുവാൻ സമ്മതിച്ചു കൊണ്ടുള്ള കരാർ ശ്രീ. ജയമാധവനും പാടശേഖരസമിതി സെക്രട്ടറി ശ്രീ. എ. സി. അരവിന്ദാക്ഷനും പ്രസിഡന്റ് ശ്രീ. വെങ്കിടേശ്വരനും തമ്മിൽ 20-12-2005-ൽ ഒപ്പുവച്ചിട്ടുണ്ട്. ആയതനുസരിച്ച് ട്രാക്ടറിന്റെ ഉടമസ്ഥാവകാശം 20-7-2006-ൽ പാടശേഖരസമിതി സെക്രട്ടറിയായ ശ്രീ. എ. സി. അരവിന്ദാക്ഷന്റെ പേരിലേക്ക് മാറ്റിയിട്ടുണ്ട്.

2.4.6 31-7-2012-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നൊച്ചുപ്പുള്ളി പാടശേഖരസമിതി സെക്രട്ടറിയും തമ്മിൽ മറ്റൊരു കരാർകൂടി ഒപ്പുവച്ചിട്ടുണ്ട്. ആയതിൽ ട്രാക്ടർ കൈമാറ്റം ചെയ്യുകയില്ല എന്നും, ട്രാക്ടറിന്റെ ആർ.സി. ബുക്ക് 31-8-2012-ന മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റും എന്നും സമ്മതിച്ചിട്ടുണ്ട്.

2.4.7 ആർ.സി. ബുക്കിന്റെ അസ്സൽ, എഗ്രിമെന്റുകളുടെ അസ്സൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

2.4.8. കെ.എൽ.9 എഫ് 632 നമ്പറിലുള്ള പവർ ടില്ലറിന്റെ രജിസ്ട്രേഷൻ ശ്രീ. എ. സോമസുന്ദരൻ എന്ന വ്യക്തിയുടെ പേരിലായിരുന്നു. പവർ ടില്ലറിന്റെ ഉടമസ്ഥാവകാശം മുരളി പാടശേഖരത്തിന്റെ പൊതുആവശ്യത്തിനായി നൽകുവാൻ സമ്മതിച്ചുകൊണ്ടുള്ള കരാർ ശ്രീ. സോമസുന്ദരവും പാടശേഖരസമിതി സെക്രട്ടറി ശ്രീ. കെ. കെ. ലക്ഷ്മണനും പ്രസിഡന്റ് ശ്രീ. മുത്തുവും തമ്മിൽ 16-1-2006-ൽ ഒപ്പുവച്ചിട്ടുണ്ട്. ആയതനുസരിച്ച് ടില്ലറിന്റെ ഉടമസ്ഥാവകാശം 21-4-2006-ൽ പാടശേഖരസമിതി സെക്രട്ടറിയായ ശ്രീ. കെ. കെ. ലക്ഷ്മണന്റെ പേരിലേക്ക് മാറ്റിയിട്ടുണ്ട്.

2.4.9 31-7-2012-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മുരളി പാടശേഖരസമിതി സെക്രട്ടറിയും തമ്മിൽ മറ്റൊരു കരാർകൂടി ഒപ്പുവച്ചിട്ടുണ്ട്. ആയതിൽ പവർ ടില്ലർ കൈമാറ്റം ചെയ്യുകയില്ല എന്നും, ടില്ലറിന്റെ ആർ.സി. ബുക്ക് 31-8-2012-നു മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റും എന്ന് സമ്മതിച്ചിട്ടുണ്ട്.

2.4.10 ആർ.സി. ബുക്ക് അസ്സൽ, എഗ്രിമെന്റ് അസ്സൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 23

### ശിപാർശ

2.5.1 ട്രാക്ടറും ടില്ലറും പാടശേഖരസമിതിക്ക് കൈമാറുന്നതോടൊപ്പം അത് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

2.5.2 ട്രാക്ടറും ടില്ലറും ഇപ്പോൾ പ്രവർത്തനക്ഷമമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2.5.3 ട്രാക്ടറും ടില്ലറും ഇപ്പോൾ പ്രവർത്തനക്ഷമമാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

### സമിതി ആരാഞ്ഞ അധികവിവരം

2.5.4 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് ട്രാക്ടറും ടില്ലറും പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് ആയതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുക.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.5.5 ട്രാക്ടർ നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ട്രാക്ടറിന്റെ ആദ്യ ഉടമസ്ഥൻ ശ്രീ. ജയമാധവൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രത്യക്ഷത്തിൽ തകരാറുകളൊന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രജിസ്ട്രേഷൻ കാലാവധി 30-6-2012-ൽ അവസാനിച്ചു.

2.5.6 പവർ ടില്ലർ ആദ്യ ഉടമസ്ഥനായ ശ്രീ. എ. സോമസുന്ദരൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സൂക്ഷിച്ചിട്ടുണ്ട്. കാലപ്പഴക്കംമൂലം നിസ്സാര കേടുപാടുകൾ യന്ത്രത്തിനുള്ളതായി ബോധ്യമായിട്ടുണ്ട്. ടില്ലറിൽ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എഞ്ചിൻ നമ്പർ, ചേസിസ് നമ്പർ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

2.5.7 ആർ.സി. ബുക്ക് അസ്സൽ, എഗ്രിമെന്റുകളുടെ അസ്സൽ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 24

## ശിപാർശ

2.6.1 ട്രാക്ടറും ടില്ലറും പാടശേഖരസമിതിക്ക് കൈമാറിയതു സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2.6.2 ട്രാക്ടറിന്റെയും ടില്ലറിന്റെയും ഉടമസ്ഥാവകാശം അതാത് പാടശേഖരസമിതികളുടെ പേരിലേക്ക് 20-7-2006 മുതൽ കൈമാറ്റം ചെയ്തിട്ടുണ്ട്. ആർ.സി.ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ 27-9-2006-ൽ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്, കൃഷി ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. കൃഷി ഓഫീസറുടെ 30-7-2008-ലെ വിശദമായ റിപ്പോർട്ട് 2-8-2008-ലെ എ-460/2008 നമ്പർ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും തടസ്സവാദം ഒഴിവാക്കിത്തരുവാൻ അപേക്ഷിക്കുകയും ചെയ്തു. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ടി അപേക്ഷ സ്വീകാര്യമാണെന്ന് അറിയിക്കുകയും യന്ത്രസാമഗ്രികൾ കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്ന വിധത്തിൽ പാടശേഖരസമിതികളുമായി അമ്പതു രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉടമ്പടിവെയ്ക്കുന്നതിനും അതുപ്രകാരം തടസ്സവാദം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാവുന്നതാണെന്നും 16-9-2008-ലെ എൽ.എഫ്.പി3-1048/08 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പാടശേഖരസമിതികളുമായി കരാർ ഉടമ്പടിവെയ്ക്കുന്നതിനുള്ള നടപടികൾക്കായി 6-4-2010-ലെ എ 5/5158/10 നമ്പർ കത്ത് പ്രകാരം കൃഷി ഓഫീസറോട് നിർദ്ദേശിക്കുകയും ചെയ്തു എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2.6.3 പാലക്കാട് ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.പി.3-1048/08 തീയതി 16-9-2008-ലെ കത്ത് പ്രകാരം പഞ്ചായത്തിന്റെ ധനസഹായത്തോടെ വാങ്ങിയ യന്ത്രോപകരണങ്ങൾ കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്ന വിധത്തിൽ പാടശേഖരസമിതികളുമായി കരാർ ചമയ്ക്കുന്നമുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നതാണ് എന്ന്

ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നുവെങ്കിലും കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പാടശേഖരസമിതികളുമായി കരാർ ഉടമ്പടിവെയ്ക്കുന്നതിനുള്ള നടപടികൾക്കായി 6-4-2010-ലെ എ 5-5158/2010 നമ്പർ കത്ത് പ്രകാരം കൃഷി ഓഫീസറോട് നിർദ്ദേശിച്ചിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതിന് രേഖകളില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.6.4 ട്രാക്ടറും ടില്ലറും പാടശേഖരസമിതിക്ക് കൈമാറിയതു സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുക.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമായ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.6.5 താഴെപ്പറയുന്ന കരാറുകളുടെ അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട് :

(1) ട്രാക്ടറിന്റെ ഉടമസ്ഥാവകാശം പാടശേഖരസമിതിക്ക് കൈമാറുവാൻ 20-12-2005-ൽ ഒപ്പുവച്ച കരാർ.

(2) ട്രാക്ടർ കൈമാറ്റം ചെയ്യുകയില്ല എന്നും ആർ.സി. ബുക്ക് 31-8-2012-ന് മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുമെന്നും സമ്മതിച്ചുകൊണ്ട് 31-7-2012-ൽ ഒപ്പുവച്ച കരാർ.

(3) ടില്ലറിന്റെ ഉടമസ്ഥാവകാശം പാടശേഖരസമിതിക്ക് കൈമാറുവാൻ 16-1-2006-ൽ ഒപ്പുവച്ച കരാർ.

(4) ടില്ലർ കൈമാറ്റം ചെയ്യുകയില്ല എന്നും ടില്ലറിന്റെ ആർ.സി. ബുക്ക് 31-8-2012-ന് മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുമെന്നും സമ്മതിച്ചുകൊണ്ട് 31-7-2012-ന് ഒപ്പുവച്ച കരാർ.

<u>ഖണ്ഡിക നമ്പർ 30</u>

<u>ശിപാർശ</u>

2.7.1 ശ്രീ. പി. സി. അയ്യപ്പൻ തുക തിരിച്ചടച്ചോ എന്നത് സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ സമിതിക്ക് ലഭ്യമായിട്ടില്ല. വകുപ്പുതല അന്വേഷണം നടത്തി റിക്കവറി വഴി തുക ഈടാക്കി 15 ദിവസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമായും സമിതിയോടുള്ള അനാദരവായും സമിതി വിലയിരുത്തുന്നു. ഇത്രയും ഗുരുതരമായ ക്രമക്കേട് നടത്തിയ മുൻ സെക്രട്ടറിയിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ഡെപ്യൂട്ടി

ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച വിശദീകരണം ആരായുന്നതിനും മുൻ സെക്രട്ടറിയിൽ നിന്നും തുക തിരിച്ചുപിടിച്ച് സമിതിക്ക് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2.7.2 നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ഉത്തരവാദിയായ അയിലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. സി. അയ്യപ്പനിൽ നിന്നും തുക ഈടാക്കുന്നതിനുവേണ്ടി ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ട തുക 11,200 രൂപ 18% പലിശ ഉൾപ്പെടെ 38,720 രൂപ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്. ഫണ്ടിൽ ലയിപ്പിക്കുന്നതിന് ബഹു. അക്കൗണ്ടന്റ് ജനറലിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് അവർകൾ 19-7-2008-നും 12-6-2009-നും ഇ 3-7882/06 പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. ടിയാന് നാളിതുവരെ ഡി.സി.ആർ.ജി. നൽകിയിട്ടില്ല. ആ കാലയളവിൽ പാലക്കാട് ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. വി. വി. കുരിയൻ 30-6-2006-ന് സേവനത്തിൽ നിന്നും വിരമിച്ചു എന്ന വിവരവും ബോധിപ്പിക്കുന്നു. ശ്രീ. പി. സി. അയ്യപ്പന്റെ ഡി.സി.ആർ.ജി. തുകയിൽ നിന്നും റിക്കവറി നടത്തി പഞ്ചായത്തിന്റെ വി.പി.എഫ്. അക്കൗണ്ടിൽ ലയിപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ചെലാൻ നമ്പർ, തീയതി, തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കണമെന്നും 9-4-2010-ലെ എ 5-2010 നമ്പർ കത്തുപ്രകാരം ബഹു. അക്കൗണ്ടന്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. പ്രസ്തുത തുക പഞ്ചായത്തിന്റെ വി.പി.എഫ്. അക്കൗണ്ടിൽ വരവുവെയ്ക്കുന്നതിന് കൊല്ലങ്കോട് സബ് ട്രഷറി ഓഫീസർക്ക് 26-6-2012-ലെ എ 1-2874/12 കത്തുപ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡറിന്റെ കാലാവധി റീവാലിഡേറ്റഡ് ചെയ്യുന്നതിന് ബഹു. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം-ന് സമർപ്പിച്ചിട്ടുള്ളതാണെന്നും, റീവാലിഡേറ്റ് ചെയ്തുകിട്ടുന്നമുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സബ് ട്രഷറി ഓഫീസർ അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2.7.3 ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡറിന്റെ കാലാവധി റീവാലിഡേറ്റ് ചെയ്ത് ലഭിച്ചിട്ടില്ല എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

2.7.4 നഷ്ടത്തിനുത്തരവാദിയായ അയിലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക ഈടാക്കിയതു സംബന്ധിച്ച രേഖകൾ ഓഡിറ്റിനു ഹാജരാക്കിയതു സംബന്ധിച്ച റിപ്പോർട്ട്.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുലഭിച്ച അധികവിവരം</u>

2.7.5 നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ഉത്തരവാദിയായ അയിലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. സി. അയ്യപ്പനിൽ നിന്നും തുക ഈടാക്കുന്നതിനു വേണ്ടി ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടതുക 11,200 രൂപ 18% പലിശ ഉൾപ്പെടെ 38,720 രൂപ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്. അക്കൗണ്ടിലേക്ക് കൊല്ലങ്കോട് സബ് ട്രഷറി ചെലാൻ നമ്പർ 57, തീയതി 21-6-2013 പ്രകാരം വരവുവെച്ചിട്ടുണ്ടെന്നും പ്രസ്തുത വിവരം നിയമസഭാ സമിതി മുമ്പാകെ 3-7-2013-ന് നേരിൽ ഹാജരായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ പകർപ്പും ട്രഷറി ചെലാന്റെ കോപ്പിയും ലോക്കൽ ഫണ്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും ഈ വിവരം പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ ഫോൺ സന്ദേശം മുഖേന 20-8-2013-ന് അറിയിച്ചിട്ടുണ്ടെന്നും പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 18-11-2013-ലെ പിഎ 1-1183/07 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്നു ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.7.6 അയിലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. സി. അയ്യപ്പന്റെ ഡി.സി.ആർ.ജി. യിൽ നിന്നും ബാധ്യത തുകയായ 11,000 രൂപയും ആയതിന്റെ 18% പലിശ ഉൾപ്പെടെ 38,720 രൂപ ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്.എ. അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. (ചെലാൻ നമ്പർ 57/21-6-13, കൊല്ലങ്കോട് സബ് ട്രഷറി) ചെലാൻ ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുന്നു.

<u>ശിപാർശ ഖണ്ഡിക 38</u>

2.8 ലോക്കൽ ഫണ്ട് ഓഡിറ്റ് മേൽപരാമർശം ഒഴിവാക്കിയതിനാൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 42</u>

<u>ശിപാർശ</u>

2.9.1 ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റും വിനിയോഗ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയതായും എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൂടി അടിയന്തരമായി ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2.9.2 ഖണ്ഡികയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 31-7-2007-ലെ ഡി-408/07 നമ്പർ കത്ത് പ്രകാരം പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് സമർപ്പിക്കുകയും സമർപ്പിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചതായും സമർപ്പിക്കപ്പെട്ട വസ്തുതകൾ ശരിയാണെന്നും കാണിച്ചുകൊണ്ടുള്ള പാലക്കാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 7-8-2007-ലെ എൽ.എഫ്.പി3-1050/07 നമ്പർ സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. ബഹു. ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) ലോക്കൽ ഫണ്ട് ഓഡിറ്റ്, പാലക്കാടിന്റെ 11-9-2007-ലെ എൽ.എഫ്.പി3-1173/07 നമ്പർ കത്ത് പ്രകാരം ഈ തടസ്സവാദം ഒഴിവാക്കിയിരിക്കുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്</u>

2.9.3 ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും അനുബന്ധ രേഖകളും 7-8-2007-ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 7-8-2007-ലെ എൽ.എഫ്.പി3-1050/07 പ്രകാരം സാക്ഷ്യപത്രം അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 5-9-2007-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.14948/ സ്പെ.സെൽ.ജി2/07-ലെ നിർദ്ദേശം പരിഗണിച്ച്, 11-9-2007-ലെ എൽ.എഫ്.പി3-1173/07 പ്രകാരം തടസ്സവാദം ഒഴിവാക്കി നൽകിയിട്ടുണ്ട്.

<u>ശിപാർശ ഖണ്ഡിക 45</u>

2.10 നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നതെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഖണ്ഡിക നമ്പർ 48</u>

<u>ശിപാർശ</u>

2.11.1 രേഖകൾ ലോക്കൽ ഫണ്ട് ഡയറക്ടർക്ക് കൈമാറണമെന്ന സമിതി നിർദ്ദേശം നടപ്പാക്കിയോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നോ ഓഡിറ്റ് പരാമർശം ഒഴിവാക്കിയത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നോ നാളിതുവരെ യാതൊരറിയിപ്പും ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി ഇതിനെ വിലയിരുത്തുന്നു. ആയതിനാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും പ്രസ്തുത രേഖകൾ സമിതി നിർദ്ദേശപ്രകാരം യഥാസ്ഥാനങ്ങളിൽ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2.11.2 രേഖകൾ 14-6-2007-ന് എ 1-303/07 കത്ത് പ്രകാരം ബഹു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് നൽകി. ആയതിന് 15-6-2007-ലെ എൽ.എഫ്.പി3-5763/07 പ്രകാരം ബഹു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപത്രം അനുവദിച്ചതന്നിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് എതിരെ ബഹു. പഞ്ചായത്ത് ഡയറക്ടർ അവർകൾ 23-6-2009-ലെ ഡി4-1658/08 പ്രകാരം വകുപ്പുതല നടപടി സ്വീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്</u>

2.11.3 ലാന്റ് റിലിങ്കിഷ്മെന്റ് ഫോറവും അനുബന്ധ രേഖകളും 15-6-2007-ന് ഓഡിറ്റിന് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 15-6-2007-ലെ എൽ.എഫ്.പി3-763/07 പ്രകാരം സാക്ഷ്യപത്രം അനുവദിച്ചുനൽകിയിട്ടുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശപ്രകാരം പഞ്ചായത്ത് ഡയറക്ടർ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. കെ. അജിത്തിനെതിരെ അന്വേഷണ നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 29-3-2008-ന് ശ്രീ. കെ. അജിത്തിന് നൽകിയ കുറ്റാരോപണമെമ്മോ, 23-6-2009-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഡി4-1658/08 ഉത്തരവ് നമ്പർ എന്നിവയുടെ പകർപ്പുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീ. കെ. അജിത്തിനെതിരായ അച്ചടക്ക നടപടികൾ ഉപേക്ഷിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യാവുന്നതാണ്.

<u>ശിപാർശ ഖണ്ഡിക 51</u>

2.12 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

<u>ശിപാർശ ഖണ്ഡിക 55</u>

2.13 പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

<u>ശിപാർശ ഖണ്ഡിക 69</u>

2.14 എൽ.എഫ്.എ.യുടെ പുനഃപരിശോധനാ കുറിപ്പിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ ഖണ്ഡിക 76

2.15 അർഹതപ്പെട്ട തുക മാത്രമേ നൽകിയിട്ടുള്ളൂ എന്ന് പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ ഖണ്ഡിക 83

2.16 പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5/18-10-97 ബിൽ പ്രകാരം 1,60,221 രൂപ നൽകിയത് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 103

ശിപാർശ

2.17.1 9 കുഴൽക്കിണറുകളിൽ ഒന്നുമാത്രമാണ് പ്രവർത്തനക്ഷമമെന്നും മിക്കതിലും ഹാൻഡ്പമ്പ് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ലെന്നുമാണ് പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും ബോദ്ധ്യമാകുന്നത്. വളരെ ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കേണ്ട പദ്ധതികൾ നടപ്പാക്കി പണം ചെലവഴിച്ചു എന്നല്ലാതെ പദ്ധതി പൂർത്തീകരണത്തിനോ ലക്ഷ്യം കൈവരിച്ചു എന്നതിനോ ജനകീയമോ, സാങ്കേതികമോ ആയ യാതൊരുവിധ സാക്ഷ്യപ്പെടുത്തലുകളും ഉണ്ടായിട്ടില്ലെന്നുമാത്രമല്ല യാതൊരുവിധത്തിലുള്ള എഗ്രിമെന്റുകളും പഞ്ചായത്ത് കരാറുകാരുമായി ഉണ്ടാക്കിയിട്ടുമില്ല. കുഴൽക്കിണർ കുഴിച്ച മൂന്നിടങ്ങളിൽ ഹാന്റ് സെറ്റോ പമ്പോ നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അവ പൂർണ്ണമായും പാഴ്ചെലവാണ്. ആയതിനാൽ ഇപ്രകാരം ധനദുർവിനിയോഗം നടത്തിയവർക്കെതിരെ വകുപ്പുതല നടപടി അടിയന്തരമായി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2.17.2 നിയമസഭാ സമിതിയുടെ ശിപാർശ അനുസരിച്ച് ബഹു. പഞ്ചായത്ത് ഡയറക്ടർ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി എം. ടി. പത്മാവതിക്കെതിരെ ഫയൽ നമ്പർ ഡി4-1659/08 പ്രകാരം വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. അതനുസരിച്ച് ബഹു. പഞ്ചായത്ത് ഡയറക്ടർ 15-3-2008-ലെ ഡി4-1659/08 നമ്പർ കത്ത് പ്രകാരം മുൻ സെക്രട്ടറി എം. ടി. പത്മാവതിക്ക് കുറ്റാരോപണമെമ്മോ നൽകി. ആയതിന് ടിയാൾ 4-4-2008-ന് ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് വിശദമായി മറുപടി സമർപ്പിക്കുകയും ബഹു. പഞ്ചായത്ത് ഡയറക്ടർ, ശ്രീമതി എം. ടി. പത്മാവതിയെ 30-5-2008-ന് ഹിയറിംഗിന് വിളിക്കുകയും ടിയാൾ പഞ്ചായത്ത് ഡയറക്ടർ മുൻപാകെ ഹാജരാകുകയും ചെയ്തിട്ടുണ്ടെന്നും ഇവർക്കെതിരെ വകുപ്പുതല

അച്ചടക്ക നടപടി തുടർന്നുവരികയാണ് എന്നും ബോധിപ്പിച്ചുകൊള്ളുന്നു. മുൻ സെക്രട്ടറി എം.ടി. പത്മാവതി ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹു. പഞ്ചായത്ത് ഡയറക്ടർ, പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിക്കുകയും ആയതിൻപ്രകാരം 21-3-2012-ലെ എവിഎസ്-2596/08 നമ്പർ അന്വേഷണ റിപ്പോർട്ടിൽ ടിയാൾ ധനദുർവിനിയോഗം നടത്തിയിട്ടില്ലായെന്നും തുക തിരിച്ചടയ്ക്കാനുള്ള നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1997-98-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 33-ലെ പരാമർശം പാലക്കാട് ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2003-ലെ എൽ.എഫ്.പി. 9-75/03 നമ്പർ കത്ത് പ്രകാരം വിശദീകരണം അംഗീകരിച്ച് പരാമർശം ഒഴിവാക്കിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടിയെന്ന നിലയിൽ 1997-98 വർഷം മുതൽ നാളിതുവരെയും പഞ്ചായത്ത് ഭരണ സമിതികളെല്ലാം തന്നെ ടി കുഴൽക്കിണറുകൾ കുഴിച്ചയിനത്തിൽ പഞ്ചായത്തിന് യാതൊരു ധനനഷ്ടവും വന്നിട്ടില്ലായെന്നും ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാണെന്നും ധനദുർവിനിയോഗമോ പാഴ്ചെലവോ ഉണ്ടായിട്ടില്ലെന്നും അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ ഉണ്ടായിട്ടുള്ള അച്ചടക്കനടപടി ഒഴിവാക്കേണ്ടതാണെന്നും തടസ്സവാദം ഒഴിവാക്കിത്തരുന്നതിനും ഭരണ സമിതി ഐകകണ്ഠ്യേന തീരുമാനം കൈക്കൊണ്ട്, ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13-6-2011-ലെ 20-ാം നമ്പർ തീരുമാനപ്രകാരം ബഹു. തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2.17.3 തടസ്സവാദം ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13-6-2011-ലെ 20-ാം നമ്പർ തീരുമാനം ലഭ്യമാക്കിയിട്ടുണ്ട്.

### ശിപാർശ ഖണ്ഡിക 108

2.18 ചോലക്കളം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി 7/99-ൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും അളവ് പുസ്തകവും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് നൽകിയതിൽ നിന്ന് മേൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

### ഖണ്ഡിക നമ്പർ 109

### ശിപാർശ

2.19.1 പോസ്റ്റോഫീസ് മാരായംകുന്ന് റോഡ് പദ്ധതി ഭാഗികമായി മാത്രം ചെയ്ത് അവസാനിപ്പിച്ചിരിക്കുകയാണെന്നും പണികൾക്ക് 13,485 രൂപ മൂല്യമുണ്ടെന്ന

സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നതല്ലാതെ ഗുണഭോക്തൃ സമിതി നിർവ്വഹണ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്നാണ് പുനഃപരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റോഡുപണിക്കായി പഞ്ചായത്തിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുവാനും പ്രസ്തുത തുക കൺവീനറായ ഒ. വി. മുഹമ്മദിൽ നിന്നും ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി

2.19.2 നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൺവീനറായ ശ്രീ. ഒ. വി. മുഹമ്മദിൽ നിന്നും തുക ഈടാക്കുന്നതിന് 24-8-2007-ലെ എ 3-485/06 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി ബഹു. ജില്ലാ കളക്ടർ അവർകൾക്ക് കത്ത് നൽകിയിട്ടുണ്ട്. 1-10-2007-ന് ഒറ്റപ്പാലം തഹസിൽദാരോട് ബഹു. ജില്ലാ കളക്ടർ 2007/40375/9 നമ്പർ കത്ത് പ്രകാരം ടിയാനിൽ നിന്നും റവന്യൂ റിക്കവറി നടത്തി തുക ഈടാക്കാൻ നിർദ്ദേശിച്ചതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. ഒ. വി. മുഹമ്മദ് ബഹു. കേരള ഹൈക്കോടതിയിൽ 7-1-2010 WP (c)/1117/10 നമ്പരായി കേസ് ഫയൽ ചെയ്യുകയും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ബഹു. കേരള ഹൈക്കോടതി ആർ.ആർ. നടപടി സ്റ്റേ ചെയ്തിരിക്കുകയുമാണ്. എന്നാൽ പഞ്ചായത്തിന്റെ അഭിഭാഷകനുമായി ബന്ധപ്പെട്ടതിൽ മേൽ നമ്പർ കേസ് ഇപ്പോഴും ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന വിവരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

2.19.3 കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## സമിതി ആരാഞ്ഞ അധികവിവരം

2.19.4 കോടതിയിലെ കേസ് തീർപ്പാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുകയും അതിന്മേലുള്ള പുരോഗതി സമിതിയെ അറിയിക്കുകയും ചെയ്യുക. പഞ്ചായത്തിന്റെ വക്കീലിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെങ്കിൽ പുതിയ വക്കീലിനെ നിയമിക്കാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങൾ

2.19.5 ബഹു. കേരള ഹൈക്കോടതിയിൽ കപ്പൂർ പഞ്ചായത്തിനെതിരെ ശ്രീ. ഒ. വി. മുഹമ്മദ് ഡബ്ല്യു.പി.(സി)1117/10 നമ്പരായി ഫയൽ ചെയ്ത കേസിൽ പഞ്ചായത്തിനു വേണ്ടി ഹാജരായ ഹൈക്കോടതി അഭിഭാഷകനായ ശ്രീ. കൃഷ്ണനുമായി പ്രസിഡന്റ്,

സെക്രട്ടറി എന്നിവർ ചർച്ച നടത്തി. കേസ് അടിയന്തരമായി അന്തിമവാദത്തിനായി ബെഞ്ചിൽ പോസ്റ്റ് ചെയ്യിക്കുന്നതിനുവേണ്ട നടപടികൾ എത്രയുംവേഗം സ്വീകരിക്കാമെന്ന് വക്കീൽ ഉറപ്പ് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 28-10-2013-ലെ പഞ്ചായത്ത് കമ്മിറ്റി 4(1) നമ്പർ തീരുമാനപ്രകാരം അഭിഭാഷകനായ ശ്രീ. കൃഷ്ണനെ കേസ് നടത്തിപ്പ് തുടർന്നുകൊണ്ട് പോകുന്നതിന് അനുവദിച്ചതായി പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 18-11-2013-ലെ പിഎ 1-1183/07 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

അധികവിവരങ്ങൾ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.19.6 11-2-2014-ന് ഗ്രാമപഞ്ചായത്ത് രേഖകൾ ഹാജരാക്കുകയും ആയത് പരിശോധിക്കുകയും ചെയ്തു. ശ്രീ. ഒ. വി. മുഹമ്മദ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)1117/10 നമ്പർ കേസിൽ ഗ്രാമപഞ്ചായത്തിന്റെ അഭിഭാഷകനായി നിയമിച്ചിട്ടുള്ളത് ശ്രീ. കൃഷ്ണനെയാണ്. 29-1-2010-ലെ 7(1) പ്രകാരമാണ് ആയതിനുള്ള തീരുമാനമെടുത്തിട്ടുള്ളത്. 12-9-2012-ന് ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

28-10-2013-ലെ 4(1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് അഭിഭാഷകനെ മാറ്റേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്. 18-11-2013-ലെ എ 1/1183/07 കത്ത് പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഗ്രാമപഞ്ചായത്തിന്റെ തീരുമാനം അംഗീകരിച്ചിട്ടുണ്ട്.

കേസിന്റെ നിലവിലെ സ്ഥിതി

കേസ് നാളിതുവരെ ഹൈക്കോടതി പരിഗണിച്ചിട്ടില്ല. അഭിഭാഷകനുമായി ബന്ധപ്പെട്ട് പുരോഗതി വിലയിരുത്തുന്നുണ്ടെന്ന് കപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിൽ ബോധിപ്പിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 114

ശിപാർശ

2.20.1 1997-98-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി സേവന മേഖലയിൽ ആവിഷ്കരിച്ച ഭവനനിർമ്മാണ പദ്ധതികളിൽ ആകെ 35,39,300 രൂപ വിനിയോഗിച്ചുവെങ്കിലും ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിച്ചതിന് ആധാരമാക്കിയ അനുബന്ധ രേഖകൾ, പ്രവൃത്തികളുടെ പൂർത്തീകരണം ഇവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ പണപ്പിരിവ്, ഒടുക്കൽ ബാലൻസ് എന്നിവയുടെ

കണക്ക് പരിശോധിച്ച് യഥാകാലം സാമ്പത്തികസ്ഥിതി ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് വകുപ്പിനും ഉത്തരവാദിത്വമുണ്ടെന്നും ദീർഘകാലമായി ഒരു പഞ്ചായത്തിലെ ഓഡിറ്റ് പരിശോധന തടസ്സപ്പെട്ടിരിക്കുന്നതുവഴി അത്യന്തം ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ നിയമത്തിന്റെ പരിധിയിൽ നിന്നും രക്ഷപ്പെട്ടുപോകരുതെന്നും അടിയന്തര പരിഗണന നൽകി ഓഡിറ്റ് പരാമർശത്തിന് കാരണക്കാരായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2.20.2 ഭവനനിർമ്മാണം സംബന്ധിച്ച രേഖകൾ ഇതുവരേയും കണ്ടുകിട്ടിയിട്ടില്ല. 2007-08 സാമ്പത്തിക വർഷംവരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ ഇതിനകം പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് സമർപ്പിച്ചിട്ടുണ്ട്.. നിയമസഭാ സമിതിയുടെ ശിപാർശയനുസരിച്ച് കുറ്റക്കാർക്കെതിരെ ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടർ ഡി4-1660/08 പ്രകാരം വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2.20.3 ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ ഒന്നും നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കണക്കുകൾ സമർപ്പിക്കുവാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികളുടെ വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ല.

## സമിതി ആരാഞ്ഞ അധികവിവരം

2.20.4 അഗളി ഗ്രാമപഞ്ചായത്തിന്റെ ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ച രേഖകൾ നഷ്ടപ്പെടുവാൻ കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി റിപ്പോർട്ട് ലഭ്യമാക്കുക. ടി ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിൽ കാലതാമസം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെമേൽ അടിയന്തരമായി വകുപ്പുതല നടപടി സ്വീകരിക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം

പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നുള്ള അന്വേഷണ സംഘം 13-9-2012, 14-9-2012, 15-9-2012 തീയതികളിൽ അഗളി ഗ്രാമപഞ്ചായത്തിൽ നേരിട്ട് അന്വേഷണം നടത്തി, ബോധ്യപ്പെട്ട വിവരം ചുവടെ പറയും പ്രകാരം സമർപ്പിക്കുന്നു:

2.20.5 1997-98 വർഷം ഭവനനിർമ്മാണത്തിനായി ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഉൾപ്പെടെ 121 വീടുകൾ പഞ്ചായത്തിൽ നിർമ്മിക്കേണ്ടതുണ്ടായിരുന്നു. ആകെ ചെലവ് ക്യാഷ് ബുക്ക് ലഭ്യമല്ലാത്തതിനാൽ കണക്കാക്കാൻ കഴിഞ്ഞില്ല. പ്രസ്തുത കാലയളവിലെ പ്ലാൻ PD ക്യാഷ് ബുക്ക് ലഭ്യമല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള ഗ്രാമസഭാ മിനിട്സുകളും ലഭ്യമല്ല. എന്നാൽ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ മിനിട്സ് ലഭ്യമാണ്. പ്രസ്തുത മിനിട്സിൽ ഗുണഭോക്താക്കളെ മുൻഗണനാ ക്രമത്തിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡം നിശ്ചയിക്കുന്ന രേഖകൾ ഒന്നും അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

1997-98 വാർഷിക പദ്ധതി അംഗീകാരം സംബന്ധിച്ച അന്തിമ പദ്ധതിരേഖ ലഭ്യമല്ല.

എന്നാൽ 31-7-1997-ലെ പഞ്ചായത്ത് കമ്മിറ്റി മിനിട്സിൽ 6(1) തീരുമാനപ്രകാരം സേവനമേഖലയിൽ 5 ഭവനനിർമ്മാണ പദ്ധതികൾക്കും, ഭവനനിർമ്മാണം (പട്ടികവർഗ്ഗം) 4 പദ്ധതികൾക്കും പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതായി കാണുന്നു.

ഭവനനിർമ്മാണത്തിനായി ഗുണഭോക്താക്കൾ സമർപ്പിച്ച ഫോട്ടോ പതിച്ച അപേക്ഷ ഫോമുകൾ ലഭ്യമാണ്.

പ്രസ്തുത അപേക്ഷകളോടൊപ്പം ഗുണഭോക്താവിന്റെ തിരിച്ചറിയൽ രേഖ, എഗ്രിമെന്റ്, ഡിക്ലറേഷൻ, വൗച്ചറുകൾ, രസീത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഉൾപ്പെടെ പ്രത്യേക ഫയലായി സൂക്ഷിച്ചിട്ടുണ്ട്. അവസാന ഗഡുവും വാങ്ങി വീട് പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ വീടുകൾ നമ്പരിട്ട് അസ്സസ്മെന്റ് രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ അഗളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രമായി ഹാജരാക്കിയിട്ടുണ്ട്.

1997-98 കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. രാജഗോപാലൻ (റിട്ട.) പരിശോധനവേളയിൽ ഹാജരായില്ല. 15 വർഷം മുമ്പ് ടിയാൻ സ്ഥലം മാറിയപ്പോൾ എല്ലാ രേഖകളും രജിസ്റ്ററുകളും ഫയലുകളും അന്നത്തെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. ആർ. ചാമുണ്ണിക്ക് രേഖാമൂലം ചാർജ്ജ് കൈമാറിയിട്ടുള്ളതാണെന്നും മോശമായ ആരോഗ്യസ്ഥിതി കാരണം ഹാജരാകുവാൻ കഴിയില്ല എന്നുമുള്ള അപേക്ഷ ഹാജരാക്കിയിട്ടുണ്ട്. 1-4-1996 മുതൽ 31-3-2002 വരെയുള്ള സെക്രട്ടറി, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, പ്ലാൻ ക്ലാർക്ക് എന്നിവരുടെയും 1997-98 വർഷത്തെ പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ എന്നിവരുടെയും പേരുവിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അന്വേഷണ വേളയിൽ നിലവിലെ സെക്രട്ടറി ശ്രീ. എസ്. സുരേഷ് ഹാജരാവുകയും ടിയാന്റെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മൊഴിയിൽ ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ച ഭൂരിപക്ഷം രേഖകളും കണ്ടെത്തുകയുണ്ടായി എന്നും ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച അപേക്ഷ,

രസീത്, മോണിറ്ററിംഗ് റിപ്പോർട്ട്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ ഹാജരാക്കി എന്നും പറയുന്നു. എന്നാൽ പ്ലാൻ പി.ഡി.ക്യാഷ് ബുക്ക്, ഗ്രാമസഭ, ഊരുകൂട്ടം മിനിട്സ് എന്നിവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഗുണഭോക്താക്കളെ അംഗീകരിച്ച പഞ്ചായത്ത് തീരുമാനം ഉൾക്കൊള്ളുന്ന മിനിട്സ് ബുക്കുകൾ ലഭ്യമാണ്. കൂടാതെ പണി പൂർത്തിയാക്കിയവർ അസ്സസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയത് അന്വേഷണസംഘം മുമ്പാകെ ബോധ്യപ്പെടുത്തി. ഭവന നിർമ്മാണത്തിന്റെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടെന്നും പദ്ധതി ഉപയോഗക്രമമായി തന്നെ നടപ്പിലാക്കിയിട്ടുണ്ടെന്നും സെക്രട്ടറി മൊഴി നൽകി. ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ സ്വാഭാവികമായി സംഭവിക്കാവുന്ന ചില വീഴ്ചകൾ മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നും ഓഡിറ്റ് നടന്ന വേളയിൽ പഞ്ചായത്തിൽ ജോലി നോക്കിയിരുന്ന ഉദ്യോഗസ്ഥർ രേഖകൾ ഹാജരാക്കി ഓഡിറ്റ് വിഭാഗത്തെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിൽ വരുത്തിയ വീഴ്ചയാണ് പരാമർശത്തിനിടയാക്കിയതെന്നും അത്തരം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ മേലാണ് നടപടി സ്വീകരിക്കേണ്ടതെന്നും സെക്രട്ടറിയുടെ മൊഴിയിൽ പറയുന്നു.

2.20.6 അഗളി ഗ്രാമപഞ്ചായത്തിൽ 23-10-2001 മുതൽ 27-1-2004 വരെയും 3-9-2006 മുതൽ 23-8-2007 വരെയും സെക്രട്ടറിയും നിലവിൽ പാലക്കാട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് IV-ൽ സീനിയർ സൂപ്രണ്ടുമായ ശ്രീ. റ്റി. മോഹനൻ നമ്പൂതിരി പരിശോധനാ വേളയിൽ ഹാജരായി മൊഴി നൽകുകയുണ്ടായി. പ്രസ്തുത മൊഴിയിൽ ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടമായതിനാലും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം ലഭിക്കാതിരിക്കുകയും പലഭാഗത്തുനിന്നും യോഗങ്ങൾ വിളിച്ചുകൂട്ടി കാര്യങ്ങൾ ചെയ്യാൻവേണ്ടി സെക്രട്ടറിമാരെ അടിച്ചേൽപ്പിക്കുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നതിനാലും സംഭവിച്ചുപോയ ചില അപാകതകളാണ് ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയത് എന്ന് അഭിപ്രായപ്പെട്ടു. ഗ്രാമസഭകളുടെയും ഊരുകൂട്ടത്തിന്റെയുമൊക്കെ അദ്ധ്യക്ഷൻ അതത് വാർഡ് മെമ്പർമാരാണ്. ഒരു പരിധിവരെ അവർ ഹാജരാക്കുന്ന മിനിട്സുകളെ വിശ്വാസത്തിൽ എടുക്കുക മാത്രമേ വളരെ വിസ്തൃതിയുള്ള അഗളി പഞ്ചായത്തിലെ സെക്രട്ടറിക്ക് കഴിയുമായിരുന്നുള്ളു. വർദ്ധിച്ച ജോലിഭാരത്തോടൊപ്പം ഈ പദ്ധതിയും നിർവ്വഹിച്ചിരുന്നത് സെക്രട്ടറിയായിരുന്നുവെന്നും സെക്രട്ടറിയെ സഹായിക്കാൻ ഒരു പ്ലാൻ ക്ലാർക്ക് മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പദ്ധതികൾ പ്രകാരമുള്ള ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ പുകയില്ലാ അടുപ്പുകൾ സ്ഥാപിക്കാനുള്ള ബുദ്ധിമുട്ട് കാരണമാണ് പലരും അവസാന ഗഡു വാങ്ങാതിരുന്നതെന്നും ശ്രീ. മോഹനൻ നമ്പൂതിരി മൊഴി നല്കി. പരിശോധനാ വേളയിൽ സാധ്യമായ വീടുകൾ സന്ദർശിക്കുകയും ഫോട്ടോഗ്രാഫ് എടുക്കുകയും ചെയ്തു. പ്രസ്തുത വീടുകൾ അസസ്മെന്റ് രജിസ്റ്ററിൽ കണ്ടെത്തുകയും ചെയ്തു.

2.20.7 അഗളി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് നടന്നത് 20-3-2001 മുതൽ 31-3-2001 വരെയാണ്. ആ കാലയളവിലെ ജീവനക്കാർ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ചവരുത്തിയതായി കാണുന്നു. വിശദാന്വേഷണ വേളയിൽ ഇതു സംബന്ധിച്ച മിക്കവാറും ഫയലും കണ്ടെത്താൻ കഴിഞ്ഞു. ക്യാഷ് ബുക്കും ഗ്രാമസഭാ മിനിട്സും ഊരുകൂട്ടം മിനിട്സും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും പഞ്ചായത്ത് കമ്മിറ്റി മിനിട്സിൽ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭാ യോഗങ്ങളുടെ അടിസ്ഥാനത്തിലാണ് അംഗീകരിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1997-98-ന് ശേഷം രണ്ട് പ്രാവശ്യം ഓഫീസ് മാറ്റേണ്ടിവന്നതായി ജീവനക്കാർ മൊഴി നൽകി. ഓഫീസ് മാറിയ വേളയിൽ രജിസ്റ്ററുകളും ഫയലുകളും നഷ്ടപ്പെട്ടതായി അനുമാനിക്കാവുന്നതാണ്.

2.20.8 ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടത്തിലാണ് ഈ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയത്. ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച അപേക്ഷയും മറ്റ് രേഖകളും സഹിതം ഫയലായി സൂക്ഷിച്ചിട്ടുള്ളത് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ, രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ വേണ്ടത്ര ജാഗ്രത ഉദ്യോഗസ്ഥർ കാണിച്ചിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കുന്ന വേളയിൽ ജോലിനോക്കിയിരുന്ന സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിച്ചു. ഏറെക്കുറെ ഭൗതികലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞെന്നും സാമ്പത്തിക അഴിമതി നടന്നിട്ടില്ലെന്നുമാണ് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞതെന്ന വിവരം റിപ്പോർട്ടുചെയ്യുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്</u>
<u>ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.20.9 സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ സംബന്ധിച്ച് നടപടി സ്വീകരിച്ചതായി കാണുന്നില്ല. 3-9-2012, 14-9-2012, 15-9-2012 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നുള്ള അന്വേഷണ സംഘം ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുകയും ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്.

2.20.10 1997-98 വർഷത്തെ ക്യാഷ് ബുക്ക്, ഗ്രാമസഭാ മിനിട്സുകൾ എന്നിവ ഉൾപ്പെടെയുള്ള പല രേഖകളും അന്വേഷണസംഘത്തിന് ലഭ്യമായിട്ടില്ല. എന്നാൽ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ചിട്ടുള്ളതിന്റെ മിനിട്സ് ലഭ്യമായിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച അപേക്ഷകളും അനുബന്ധ രേഖകളും ഉൾപ്പെട്ട ഫയൽ സൂക്ഷിച്ചിട്ടുള്ളതായും അവസാന ഗഡു വാങ്ങി നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അസസ്മെന്റ് രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാണെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പരിശോധനാ സംഘം ചില വീടുകൾ സന്ദർശിച്ച് ഫോട്ടോഗ്രാഫ് എടുക്കുകയും പ്രസ്തുത വീടുകൾ അസസ്മെന്റ് രജിസ്റ്ററിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

2.20.11 1997-98-നു ശേഷം രണ്ട് തവണ ഓഫീസ് മാറ്റേണ്ടി വന്നതുമൂലം പല രേഖകളും നഷ്ടപ്പെട്ടിരിക്കാമെന്ന് അന്വേഷണസംഘം അനുമാനിക്കുന്നു. ഏറെക്കുറെ ഭൗതികലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞെന്നും സാമ്പത്തിക അഴിമതി നടന്നിട്ടില്ലെന്നും അന്വേഷണത്തിൽ മനസ്സിലാക്കിയിട്ടുണ്ടെന്നും അന്വേഷണസംഘം വിലയിരുത്തിയിട്ടുണ്ട്. രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത കാണിച്ചിട്ടില്ല എന്നും വിലയിരുത്തിയിട്ടുണ്ട്.

2.20.12 കാലപ്പഴക്കംമൂലം എല്ലാ രേഖകളും കണ്ടെത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യവും അന്വേഷണ സമിതിയുടെ റിപ്പോർട്ടും പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 118</u>

<u>ശിപാർശ</u>

2.21.1 ആരോപണവിധേയനായ മുൻ സെക്രട്ടറി ശ്രീ. രാജഗോപാലനെതിരെ പ്രസ്തുത തുക ബാദ്ധ്യത കാണിച്ച് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകണമെന്നും ഇത് സംബന്ധിച്ച് അന്തിമ മറുപടി അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2.21.2 17-4-2006-ലെ എ 1-3017/06 നമ്പർ കത്തുപ്രകാരം 1,73,463 രൂപയുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ബഹുമാനപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് അയച്ചിരുന്നു. ടിയാൻ പെൻഷൻപറ്റി മൂന്ന് വർഷം കഴിഞ്ഞതുകൊണ്ട്

ഡി.സി.ആർ.ജി.യിൽ നിന്നും തുക ഈടാക്കാൻ കഴിയാത്തതിനാൽ ടി തുക റവന്യൂ റിക്കവറി മുഖേന 25-5-2008-ന് രസീത് നമ്പർ 18213/73 പ്രകാരം ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

2.21.3 മുൻ സെക്രട്ടറി ശ്രീ. രാജഗോപാൽ, 1997-98 വർഷത്തെ ബാധ്യതയായി നിർണ്ണയിച്ചിരുന്ന ആകെ തുകയായ 1,73,463 രൂപ രസീത് നമ്പർ 73/18213/26-5-2008 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

2.21.4 പ്രസ്തുത ഖണ്ഡിക സംബന്ധിച്ച ഗവൺമെന്റ് മറുപടിയിൽ 1,73,463 രൂപ ഈടാക്കിയത് ഏതൊക്കെ ഇനത്തിലാണെന്നതിന്റെ വ്യക്തമായ മറുപടി ലഭ്യമാക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ അധികവിവരങ്ങൾ

2.21.5 മുൻ സെക്രട്ടറി ശ്രീ. കെ. എം. രാജഗോപാലനിൽ നിന്നും ഈടാക്കിയ 1,73,463 രൂപ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ താഴെ പറയുന്ന പരാമർശങ്ങളിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി മുഖേന ഈടാക്കിയിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു:

(1) ആകസ്മിക ചെലവ് അധികം ചെലവഴിച്ച തുക—40 രൂപ

(2) പള്ളിമല ഭൃതിവഴി റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—5,050 രൂപ

(3) വെള്ളമാരി-കമ്മുണ്ടിയൂർ റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—13,431 രൂപ.

(4) നെല്ലിപ്പതി-കരിമ്പതി റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—7,676 രൂപ.

(5) നെല്ലിപ്പതി ഊര് റോഡ് സംരക്ഷണം അധികം ചെലവഴിച്ച തുക—672 രൂപ

(6) മരുതംപടി-ചോല റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—19,750 രൂപ

(7) ചിറ്റൂർ മെയിൻറോഡ്-ചമ്പട്ടിക്കുളം റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—9,136 രൂപ

(8) ഉപാധിരഹിത ഫണ്ട് ഒരേതരം ജോലിക്ക് വ്യത്യസ്ത നിരക്ക് നൽകിയതുവഴി അധികം ചെലവഴിച്ച തുക—5,478 രൂപ.

(9) ഭ്രുതിവഴി ലിഫ്റ്റ് ഇറിഗേഷൻ, നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ എന്നീ പദ്ധതികൾക്ക് സാധനങ്ങൾ വാങ്ങിയത് അധികം ചെലവഴിച്ച തുക—44,486 രൂപ.

(10) നക്കുപ്പതി ഊര് റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—9,592 രൂപ.

(11) കാവുണ്ടിക്കല ഊര് സംരക്ഷണം അധികം ചെലവഴിച്ച തുക—1,278 രൂപ.

(12) പൂവ്വത്താൾ കോളനി ശുദ്ധജല വിതരണം അധികം ചെലവഴിച്ച തുക—7,766 രൂപ.

(13) ചെമ്മണ്ണൂർ ഹരിജൻ കോളനി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി അധികം ചെലവഴിച്ച തുക—19,067 രൂപ.

(14) പുലിയറ-മേലെപ്പുലിയറ റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—7,451 രൂപ

(15) ലക്ഷംവീട് ശിരുവാണി റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—5,870 രൂപ.

(16) ചെമ്മണ്ണൂർ-വണ്ടൻപാറ റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—7,710 രൂപ.

(17) മുസ്ലീംപള്ളി റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—1,760 രൂപ.

(18) കള്ളമല-ഓന്തൻമല റോഡ് പുനരുദ്ധാരണം അധികം ചെലവഴിച്ച തുക—2,250 രൂപ.

(19) ജെ.ആർ.വൈ. ഭവന നിർമ്മാണ പദ്ധതി അധികം ചെലവഴിച്ച തുക—5,000 രൂപ.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.21.6 രേഖകളുടെ പരിശോധന നടത്തുന്നതിനായി 13-9-2013-ന് പാലക്കാട് ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യാലയത്തിലെ ഒരു അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ അഗളി ഗ്രാമപഞ്ചായത്തിൽ സന്ദർശനം നടത്തി രേഖകൾ പരിശോധിച്ചു.

മുൻ സെക്രട്ടറി ശ്രീ. രാജഗോപാൽ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ആകെ ബാധ്യത തുക 1,73,463 രൂപ രസീത് നമ്പർ 73/18213/26-5-2008 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

2.21.7 ആയതിൽ സമിതി (2006-2008)-യുടെ 10-ാമത് റിപ്പോർട്ട് ഖണ്ഡിക 118 പ്രകാരമുള്ള 13,345 രൂപ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| 1997-98 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ | തുക |
|---|---|
| 36 | 40 |
| 37 | 5,050 |
| 38 | 13,431 |
| 39 | 7,676 |
| 40 | 672 |
| 41 | 19,750 |
| 42 | 9,136 |
| 43 | 5,478 |
| 53 | 44,486 |
| 54 | 9,592 |
| 55 | 1,278 |
| 56 | 7,766 |
| 57 | 19,067 |
| 58 | 7,451 |
| 59 | 5,870 |
| 60 | 7,710 |
| 61 | 1,760 |
| 63 | 2,250 |
| 65 | 5,000 |
| ആകെ | 1,73,463 രൂപ |

2.21.8 തുക ഒടുക്കിയ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു.

## ഖണ്ഡിക നമ്പർ 132

### ശിപാർശ

2.22.1 ഇപ്രകാരം വിവിധ കുടിവെള്ള ജലസേചന പദ്ധതികളിലായി ലക്ഷക്കണക്കിന് രൂപ വിനിയോഗിച്ചതുവഴി ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയിരിക്കുന്നു. ആയതിനാൽ ഭരണ സംവിധാന വ്യവസ്ഥയുടെ നിയമങ്ങൾക്കും വിലക്കുകൾക്കും അതീതമായി സ്വതന്ത്രരായി പ്രവർത്തിച്ച ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇത്തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾക്ക് വളംവച്ചുകൊടുക്കുന്ന മേലുദ്യോഗസ്ഥർക്കെതിരെയും കർശന നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2.22.2 ആരോപണവിധേയനായ മുൻ സെക്രട്ടറി ശ്രീ. രാജഗോപാലന് എതിരെ വകുപ്പുതല നടപടി കൈക്കൊള്ളുന്നതിന്റെ ഭാഗമായി ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. 17-4-2006-ലെ എ 1/3017/06 നമ്പർ കത്തുപ്രകാരം 1,73,463 രൂപയുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ബഹുമാനപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് അയച്ചിരുന്നു. ടിയാൻ പെൻഷൻപറ്റി മൂന്ന് വർഷം കഴിഞ്ഞതുകൊണ്ട് ഡി.സി.ആർ.ജി.-യിൽ നിന്നും തുക ഈടാക്കാൻ കഴിയാത്തതിനാൽ ടി തുക റവന്യൂ റിക്കവറി മുഖേന 25-5-2008-ന് രസീത് നമ്പർ 18213/73 പ്രകാരം ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2.22.3 മുൻ സെക്രട്ടറി ശ്രീ. രാജഗോപാൽ 1997-98 വർഷത്തെ ബാദ്ധ്യതയായി നിർണ്ണയിച്ചിരുന്ന ആകെ തുകയായ 1,73,463 രൂപ രസീത് നമ്പർ 73/18213/26-5-2008 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. രേഖകൾ ഓഡിറ്റിനു ഹാജരാക്കുകയും പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ശ്രീ. രാജഗോപാൽ പെൻഷൻപറ്റി മൂന്ന് വർഷം കഴിഞ്ഞതുകൊണ്ട് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കിയതെന്ന് പഞ്ചായത്ത് ബോധിപ്പിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 133

ശിപാർശ

2.23.1 വാർഷിക കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാത്ത പഞ്ചായത്തുകൾ ഏറ്റവും കൂടുതലുള്ളത് പാലക്കാട് ജില്ലയിലാണെന്നും സ്റ്റാഫിന്റെ അപര്യാപ്തതമൂലമാണ് അങ്ങനെ സംഭവിക്കുന്നതെന്നും അതിന് പരിഹാരമുണ്ടാക്കാൻ സർക്കാരിനോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

2.23.2 വാർഷിക കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഗവൺമെന്റ് നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അഗളി ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ കണക്കുകൾ 1983-84 മുതൽ 1989-90-ൽ കൂടിയ വർഷങ്ങളിലെ (എ 1/987/2007) തീയതി 30-6-2007, 1990-1991 മുതൽ 1992-93 കൂടിയുള്ള വർഷങ്ങളിലെ (എ 1987/2007) തീയതി 22-10-2007, 1993-94 മുതൽ 1996-97 കൂടിയ വർഷങ്ങളിലെ (എ 1987/07) തീയതി 22-10-2007, 1997-98 മുതൽ 2003-04 വരെ കൂടിയുള്ള (എ 1987/07) തീയതി 12-5-2007, 2004-05, 2005-06, എന്നീ വർഷങ്ങളിലെ (എ 1987/07) തീയതി 13-6-2007, 2006-07 വർഷത്തെ (എ 1 987/07) തീയതി 1-10-07, 2007-08 സാമ്പത്തിക വർഷത്തെ എ-104/2009 തീയതി 4-2-2009, 2008-09 സാമ്പത്തിക വർഷത്തെ എ-381/2009 തീയതി 25-9-2009 തീയതികളിൽ വാർഷിക കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

2.23.3 2010-11 വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റിനു സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിന്മേലുള്ള പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 135

ശിപാർശ

2.24.1 വിവിധ കുടിവെള്ള, ജലസേചന പദ്ധതികൾക്ക് വൈദ്യുതി ബോർഡിൽ പണമടച്ചതിന്റെ രസീതുകളും രേഖകളും സമിതി പരിശോധിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് നടത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത് വൈസ്-പ്രസിഡന്റ് പരിശോധിക്കണമെന്നും ഇതു സംബന്ധമായ ഫയൽ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്തു ബന്ധപ്പെട്ട എഞ്ചിനീയർമാരെ വിളിച്ച് എസ്റ്റിമേറ്റ് പ്രകാരം ചെലവഴിച്ച തുകയുടെ വർക്ക്

നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വർക്ക് നടന്നിട്ടില്ലെങ്കിൽ വൈദ്യുതി ബോർഡിന് നൽകിയ തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

2.24.2 പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ അഗളി എന്നവർ ഡി.ബി. 97/07-08/22-3-2008 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. പ്രസ്തുത പ്രവൃത്തികളെല്ലാം തന്നെ വൈസ്-പ്രസിഡന്റ് നേരിൽ പരിശോധിച്ച് എങ്കിലും, ഫയൽ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട എഞ്ചിനീയർമാരെ വിളിച്ച് ചെലവഴിച്ച തുകയുടെ വർക്കുകൾ നടന്നിട്ടുണ്ട് എന്നത് സംബന്ധിച്ച റിപ്പോർട്ട് അഗളി അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭിക്കുകയും ആയവ പഞ്ചായത്ത് വൈസ്-പ്രസിഡന്റ്, പ്രസിഡന്റ് അടങ്ങുന്ന ഭരണ സമിതി അംഗങ്ങൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും പരിശോധന നടത്തിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്</u>

2.24.3 വിവിധ പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡിൽ ഒടുക്കിയ തുകകൾ വിനിയോഗിച്ചതായും പ്രവൃത്തികൾ 1998-99 വർഷത്തിൽ പൂർത്തീകരിച്ചതായും അഗളി ഇലക്ട്രിക്കൽ സെക്ഷനിലെ സബ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. രേഖകൾ ഓഡിറ്റിനു ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 139</u>

<u>ശിപാർശ</u>

2.25.1 ഒരു മാനദണ്ഡവുമില്ലാതെ ലക്ഷക്കണക്കിന് രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിരിക്കുക വഴി ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയിരിക്കുകയാണെന്നും ഇത് നടപടിക്രമങ്ങളുടെ ലംഘനമാണെന്നും ഇതിന് വഴിതെളിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.25.2 പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനോ ആയതിനു സാദ്ധ്യതയില്ലെങ്കിൽ വൈദ്യുതി ബോർഡിൽ അടച്ചിട്ടുള്ള തുക തിരിച്ചുവാങ്ങി പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2.25.3 പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ അഗളി എന്നവർ ഡി.ബി.97/07-08/22-3-2008 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്

2.25.4 വിവിധ പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡിൽ ഒടുക്കിയ തുകകൾ വിനിയോഗിച്ചതായും പ്രവൃത്തികൾ 1998-99 വർഷത്തിൽ പൂർത്തീകരിച്ചതായും അഗളി ഇലക്ട്രിക്കൽ സെക്ഷനിലെ സബ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. രേഖകൾ ഓഡിറ്റിനു ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 145

## ശിപാർശ

2.26.1 25 ഏക്കർ കൃഷി സ്ഥലത്തേക്ക് ജലസേചനം ഒരുക്കുന്നതിനുവേണ്ടി ഉദ്ദേശിച്ച് നടപ്പാക്കിയ നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുകയോ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന് ഇതുമൂലം ധനനഷ്ടവും, സമയനഷ്ടവും ഉണ്ടായി എന്നു മാത്രമല്ല, പദ്ധതി ഇപ്പോഴും പ്രാരംഭഘട്ടത്തിൽ തന്നെയാണ്. പദ്ധതി പ്രയോജനപ്രദമാക്കണമെന്നും ആദ്യം മുതൽ പദ്ധതിയുടെ പ്രവൃത്തികൾ എല്ലാം പുനഃക്രമീകരിക്കേണ്ടിയിരിക്കുന്നുവെന്നും അപ്രകാരം ചെയ്യുന്നത് പ്രയോജനപ്രദമാകുമോ എന്ന് ഒരിക്കൽകൂടി പരിശോധിച്ച് അതിനുവേണ്ട അടിയന്തര നടപടി കൈക്കൊള്ളണമെന്നും ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2.26.2 നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനൊഴികെ ബാക്കി എല്ലാ പ്രവൃത്തികളും പുതുതായി ചെയ്താൽ മാത്രമേ പദ്ധതികൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടുകയുള്ളൂ എന്ന വിവരം ബോധിപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

2.26.3 പദ്ധതിയുടെ പ്രവൃത്തികൾ ഇതേവരെ പുനഃക്രമീകരിച്ചിട്ടില്ല. ആയതിനുള്ള പ്രോജക്ട് 2012-13 വർഷത്തിൽ തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

2.26.4 പ്രോജക്ട് എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് അതിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അധികമായി ചെലവഴിച്ച തുക തിരിച്ചടച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയത് സംബന്ധിച്ച റിപ്പോർട്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ

2.26.5 (1) നരസിമുക്ക് ജലസേചന പദ്ധതിയുടെ പൂർത്തീകരണത്തിനായി 12,00,000 (പന്ത്രണ്ട് ലക്ഷം രൂപ) വകയിരുത്തി പ്രോജക്ട് നമ്പർ 294 ആയി ജില്ലാ ആസൂത്രണ സമിതി 2013-14 വർഷത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും

(2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ നിന്നും 12-9-2013, 13-9-2013 എന്നീ തീയതികളിൽ പഞ്ചായത്ത് ഓഫീസിൽ നേരിട്ട്എത്തി ഓഡിറ്റ് പരാമർശത്തിൽ പ്രതിപാദിച്ച തുക തിരിച്ചടച്ച രസീതി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 18-11-2013-ലെ പിഎ 1-1183/07 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.26.6 (1) അഗളി ഗ്രാമപഞ്ചായത്ത് 12-2-2014-ൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചു.

2012-13 വർഷത്തെ നരസിമുക്ക് ജലസേചന പദ്ധതി സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിച്ചില്ല എന്നും 2013-14 വർഷത്തിൽ ഈ പദ്ധതി സ്പിൽഓവറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയിരുന്നുവെന്നും (എസ്.ഒ-284/14) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2.26.7 പാലക്കാട് ജില്ലാ പഞ്ചായത്ത് 2012-13 വർഷത്തിൽ നബാർഡ് ധനസഹായത്തോടെ ആവിഷ്കരിച്ച നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 45 ലക്ഷം രൂപ വകയിരുത്തുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ഈ പദ്ധതി പ്രകാരമുള്ള ആയക്കെട്ട് പ്രദേശത്ത് നിലവിൽ പഞ്ചായത്തിന്റെ പ്രോജക്ട് ആയ നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (എസ്.ഒ. 284/14) യുടെ ആയക്കെട്ട് ഏരിയയും ഉൾപ്പെടും. ഇക്കാര്യം അഗളി ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2013-14 വർഷത്തെ

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നരസിമുക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഒഴിവാക്കണമെന്ന് അസി. എഞ്ചിനീയർ ഭരണ സമിതിയോട് ശിപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യം പരിഗണിച്ച് പദ്ധതിത്തുക മറ്റ് പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുവാനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്തിന് നൽകാവുന്നതാണ്.

2.26.8 (2) മുൻ സെക്രട്ടറി ശ്രീ. രാജഗോപാൽ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ആകെ ബാധ്യത തുകയായ 1,73,463 രൂപ 26-5-2008-ന് 73/18213/രസീത് നമ്പർ പ്രകാരം പഞ്ചായത്തിൽ ഒടുക്കിയത് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സമിതി (2006-08) യുടെ 10-ാമത് റിപ്പോർട്ട് ഖണ്ഡിക 145 പ്രകാരമുള്ള 44,486 രൂപയും ഈ തുകയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർ ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | 1.1.7 | തദ്ദേശസ്വയംഭരണ വകുപ്പ് | കേസ് തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി കോടതിവിധി പ്രകാരം നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.7 | ,, | കേസ് തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും വിധിപ്രകാരം സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.3.8 | ,, | കേസ് തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും കോടതി വിധിപ്രകാരം നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 1.4.8 | തദ്ദേശസ്വയംഭരണ വകുപ്പ് & ധനകാര്യ വകുപ്പ് | നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ അധികാരം പ്രയോഗിക്കുവാൻ ധനകാര്യ വകുപ്പിനാകില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. 1994-ലെ ലോക്കൽ ഫണ്ട് ആക്ട് സെക്ഷൻ 9 (2), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 16 (1) എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ധനകാര്യ വകുപ്പ് സ്വീകരിക്കുന്ന നടപടികളെ അംഗീകരിക്കാനാവില്ല. നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ ഉള്ള വ്യവസ്ഥകൾമൂലം എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിന് അതത് നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെടുന്നു. പരാമർശവിധേയമായ സംഗതിയിൽ ധനകാര്യ വകുപ്പ് വാദിക്കുന്ന തരത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ ഭേദഗതി ബന്ധപ്പെട്ട നിയമങ്ങളിൽ/ചട്ടങ്ങളിൽ വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.